Draft #1 of File 48764/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 05-Apr-2022 12:24 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേക്കും ഇൻറ്റർ സ്കൂൾ സെൻറ്ററിലേയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷയ്ക്കായി അപേക്ഷിക്കുന്നതിനുള്ള സമയം ദീർപ്പിച്ചുകൊണ്ടും അപേക്ഷകരുടെ എണ്ണം മെച്ചപ്പെടുത്തുന്നതിനുള്ള ശിപാർശകൾ അംഗീകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 3466/AC B 7/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 05.04.2022

---

*പരാമർശം:-*

**ഉത്തരവ്**

സർവ്വകലാശാലയിലെ വിവിധ പഠന വകുപ്പുകളിലേയും ഇൻറ്റർ സ്കൂൾ സെൻറ്ററിലേയും വിവിധ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായി നടത്തുന്ന പൊതു പ്രവേശന പരീക്ഷ സംബന്ധിച്ച അറിയിപ്പ് കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കുന്നതിനും അതുവഴി അപേക്ഷകരുടെ എണ്ണം മെച്ചപ്പെടുത്തി എടുക്കുന്നതിനുമുള്ള താഴെ പറയുന്ന ശിപാർശകൾ ബഹു. വൈസ് ചാൻസലറുടെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

1. CAT 2022 ലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 25 വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്.

2. അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള പ്രവേശന സംവിധാനമായ CAP ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ വർഷം ഡിഗ്രി പാസ്സ് ഔട്ട് ആകുന്ന വിദ്യാർത്ഥികളുടെ ഫോൺ നമ്പർ/ഇ.മെയിൽ ഐ.ഡി എന്നിവയിലേക്ക് CAT 2022 വിജ്ഞാപനം സംബന്ധിച്ച അറിയിപ്പ് നൽകാവുന്നതാണ്.

3 ) സർവ്വകലാശാല വെബ്സൈറ്റിൽ CAT വിജ്ഞാപനം സംബന്ധിച്ച അറിയിപ്പ് Pop up മെസ്സേജ് ആയി നൽകാവുന്നതാണ്.

4 ) സർവ്വകലാശാല ഫേസ്ബുക്ക് പേജിൽ CAT 2022 വിജ്ഞാപനം സംബന്ധിച്ച അറിയിപ്പ് നൽകാവുന്നതാണ്.

5 ) CAT 2022 വിജ്ഞാപനം സംബന്ധിച്ച അറിയിപ്പ് പത്രങ്ങളുടെ വിദ്യാഭ്യാസ പംക്തിയിൽ പ്രത്യേകം വാർത്ത വരത്തക്ക രീതിയിൽ പ്രസിദ്ധികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

6 ) ഓരോ പഠന വകുപ്പും തങ്ങളുടെ പഠന വകുപ്പിലെ പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചിരിക്കുന്ന വിവരം പ്രത്യേകം പത്രക്കുറിപ്പ് നൽകാവുന്നതും അതാത് പഠന വകുപ്പുകളുടെ വെബ്സൈറ്റിൽ വിജ്ഞാപനം സംബന്ധിച്ച അറിയിപ്പ് പ്രസിദ്ധികരിക്കാവുന്നതാണ്.

മേൽ ശിപാർശകൾ ബഹു. വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

മുരളീധരൻ കെ വി

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

(1 ) എല്ലാ പഠന വകുപ്പ്/ഇൻറ്റർ സ്കൂൾ സെൻറ്റർ മേധാവിമാർക്ക് (ഉത്തരവ് നമ്പർ 6 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
(2 ) വൈസ് ചാൻസിലർ/ പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പി.എസ് മാർക്ക്
(3 ) രജിസ്ട്രാറുടെയും , പരീക്ഷ കോൺട്രോളറുടെയും പി.എ മാർക്ക്
(4 ) ജെ.ആർ 2 (ഭരണം), ഡി.ആർ 2 (അക്കാദമിക്)
(5 ) എ.ആർ 4 (അക്കാദമിക് )
(6) കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ (ഉത്തരവ് 3 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
(7) ഐ.റ്റി സെൽ (ഉത്തരവ് 1,2 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
(8) പി.ആർ.ഒ (ഉത്തരവ് 4,5 അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിനായി)
(9) സർവ്വകലാശാല വെബ്സൈറ്റ്

Draft #1 of File 48764/AC B7-3/2022/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 05-Apr-2022 12:24 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം